(ബി) ഓരോ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും ഉദ്ദേശ ലക്ഷ്യങ്ങളും വ്യത്യസ്തമാകയാൽ ഫണ്ടിന്റെ ആവശ്യകതയും വ്യത്യസ്തമായിരിക്കും. അതിനാൽ വിതരണത്തിൽ സന്തുലിതാവസ്ഥ കാത്തുസൂക്ഷിക്കുന്നത് അപ്രായോഗികമാണ്. ടി സ്ഥാപനങ്ങൾക്ക് കാലാനുസൃതമായ വിഹിത വർദ്ധനവ് വരുത്താറുണ്ട്.

കയർ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് മറുപടി

*28 [238] ശ്രീ. സാജു പോൾ:
,, ടി. കെ. ദേവകുമാർ:
ഡോ. തോമസ് ഐസക്:
ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കയർ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഉൽപ്പന്ന നിർമ്മാണത്തിന് ആവശ്യമായ തൊണ്ട് നിയന്ത്രിത വിലയ്ക്ക് സംഭരിച്ച് ചകിരിയാക്കി വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിനകത്തുനിന്നുതന്നെ കയർ മേഖലയ്ക്ക് ആവശ്യമായ തൊണ്ട് ലഭ്യമാണോ;

(ഡി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തുമാത്രം തൊണ്ടാണ് കയർമേഖലയ്ക്ക് ആവശ്യമായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രതിവർഷം നാളികേര ഉല്പാദനം എത്രയാണ്;

(ജി) കയർ ഫാക്ടറി തൊഴിലാളികളുടെ കൂലിയും അവകാശങ്ങളും ഉറപ്പു വരുത്താൻ സംഘടിപ്പിച്ചിട്ടുള്ള മാറ്റ്സ് ആന്റ് മാറ്റിംഗ് സൊസൈറ്റികളുടെ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഇതു സംബന്ധിച്ച താമരാക്ഷൻ കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് ഫാക്ടറി സൊസൈറ്റികളുടെ നഷ്ടം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാനത്തെ കയർ മേഖല ഇന്ന് നേരിടുന്ന പ്രധാന പ്രശ്നം ചകിരിയുടെ ദൗർലഭ്യമാണ്. ഇതു പരിഹരിക്കുന്നതിനായി അടിയന്തിരമായി കർണ്ണാടകത്തിൽനിന്നും ചകിരിയും തൊണ്ടും കൊണ്ടുവരുന്നതിന് നടപടികൾ എടുത്തുവരുന്നു. ശ്രീലങ്കയിൽനിന്നും ചകിരി ഇറക്കുമതി ചെയ്യുന്നതിനനുമതിക്കും അതിനുള്ള ഇറക്കുമതി ചുങ്കം ഒഴിവാക്കാനുമായി കേന്ദ്ര വാണിജ്യമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഫോം മാറ്റിംഗ്സ്, കയർ കോർപ്പറേഷൻ, കയർഫെഡ് എന്നിവയ്ക്ക് കയറ്റുമതിക്കെതിരായുള്ള ഇറക്കുമതിക്കുവേണ്ടി ശ്രമിക്കുന്നുണ്ട്. കെട്ടിക്കിടക്കുന്ന കയറും കയറുല്പന്നങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

വിറ്റഴിക്കുന്നതിന് ഡിസ്ട്രസ് പർച്ചേസ് പദ്ധതി നടപ്പിലാക്കി വരുന്നു. വിപണിക്ക് അനുയോജ്യമായ ഏതുതരം കയർ ഉല്പാദിപ്പിക്കുന്നതിനും കയർ തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് 1/4 എച്ച്.പി. മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടിൽ ആവശ്യമായ പരിശീലനം നൽകി വരുന്നു. വിപണിക്കാവശ്യമായ തരത്തിലുള്ള വൈവിദ്ധ്യമാർന്നതും നൂതനവുമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും സാങ്കേതിക വിദ്യയും ഗവേഷണവും വികസനത്തിനായി ഒരു നാഷണൽ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു. ചകിരിച്ചോറുകൊണ്ടുള്ള ഗ്രോബാഗ്സ് നിർമ്മിക്കുന്നതിന് ഇൻഡോ ഇബരിക്ക എന്ന കമ്പനിയും കയർഫെഡും ചേർന്ന് ഒരു പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) തൊണ്ട് നിയന്ത്രിത വിലയ്ക്കെടുക്കുന്ന നടപടികളൊന്നും എടുത്തിട്ടില്ല. കയർ ആക്ട് കേന്ദ്ര ഗവൺമെന്റിന്റേതാകയാൽ കേന്ദ്ര ഗവൺമെന്റാണ് ഇക്കാര്യത്തിൽ നടപടിയെടുക്കേണ്ടത്. കർണ്ണാടകയിൽനിന്നും ചകിരിയും ലക്ഷദ്വീപിൽനിന്നും തൊണ്ടും ചകിരിയും കൊണ്ടുവരുന്നതിനുള്ള ഒരു പൈലറ്റ് പദ്ധതിക്കും നടപടിയെടുത്തുവരുന്നു. ശ്രീലങ്കയിൽനിന്നും ചകിരി ഇറക്കുമതി ചെയ്യാനും അതിനുള്ള ഇറക്കുമതി ചുങ്കം ഒഴിവാക്കിത്തരുവാനും കേന്ദ്രമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലക്ഷദ്വീപിൽനിന്നും മറ്റു സംസ്ഥാനങ്ങളിൽനിന്നും ചകിരി കൊണ്ടുവരുന്നതിന് കയർബോർഡിന്റെ സബ്സിഡി അനുവദിക്കണമെന്നു കയർബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തൊണ്ട് സംഭരിക്കുന്നതിന് കയർബോർഡിന്റെ ഒരു സബ്സിഡി പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ഇതു കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു തരുമെന്നാണ് പ്രതീക്ഷ.

(സി) സംസ്ഥാനത്ത് തൊണ്ട് ലഭ്യമാണ്. എന്നാൽ വിവിധ കാരണങ്ങളാൽ ഏതാണ്ട് 37% മാത്രമേ കയർ മേഖലയിൽ ഉപയോഗിക്കപ്പെടുന്നുള്ളൂ.

(ഡി, ഇ) ഇപ്പോഴത്തെ കണക്കനുസരിച്ച് ഏതാണ്ട് 75 കോടി തൊണ്ട് ആവശ്യമാണ്.

(എഫ്) 2001-02-ലെ കണക്കു പ്രകാരം 5,479 മില്യൺ നാളികേരം.

(ജി) ഇല്ല.

(എച്ച്) ഇക്കാര്യം ഗവൺമെന്റ് ആലോചിച്ച് തീരുമാനിക്കുന്നതാണ്.

ഓൺ ലൈൻ ലോട്ടറി നിരോധനം

*29 [239] ശ്രീ. തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly